"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) റെയിൽവേ, മൂവാറ്റുപുഴ യൂണിറ്റിലെ 11 തസ്തികകൾക്ക് 14-08-2025 മുതൽ ഒരു വർഷത്തേക്ക് തുടർച്ചാനുമതി നൽകുന്നത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.245/2026/RD തീയതി,തിരുവനന്തപുരം, 14-08-2026

---

പരാമർശം:-
1. സ.ഉ.(അച്ചടി) നം.442/2012/ധന, തീയതി, 08-08-2012.
2. സർക്കുലർ നം.29/2023/ധന, തീയതി, 24-03-2023.
3. സ.ഉ.(സാധാ) നം.634/2025/റവ, തീയതി, 15-03-2025.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 01-02-2026തീയതിയിലെ LR/5082/2021-LR(C5) നമ്പർ കത്ത്.

**ഉത്തരവ്**

1. ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്പെഷ്യൽ തഹസിൽദാർ (എൽ.എ. ) റെയിൽവേ, മൂവാറ്റുപുഴ യൂണിറ്റിലെ 1 1 തസ്തികകൾ ക്ക് 14-08-2024 മുതൽ ഒരു വർഷത്തേക്ക് തുടർച്ചാനുമതി അനുവദിച്ച് പരാമർശം (3) ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു.
2. പ്രസ്തുത യൂണിറ്റിലെ 1 1 തസ്തികകളുടെ തുടർ ച്ചാനുമതി 13-08-2025-ൽ അവസാനിച്ചതിനാൽ 14/08/2025 മുതൽ ഒരു വർഷത്തേക്ക് കൂടി തുടർച്ചാനുമതി നൽകണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (4)-ലെ കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.
3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) സർക്കാർ ഉത്തരവ്, പരാമർശം (2) സർക്കുലർ എന്നിവയുടെ അടിസ്ഥാനത്തിൽ ജോലിക്രമീകരണ വ്യവസ്ഥയിലുള്ള നിയമനം അനുവദനീയമല്ലാത്തതിനാൽ ഇത്തരം നിയമനങ്ങൾ റദ്ദ് ചെയ്യേണ്ടതാണ് എന്ന നിബന്ധനയ്ക്ക് വിധേയമായി, ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്പെഷ്യൽ തഹസിൽദാർ (എൽ.എ. ) റെയിൽവേ, മൂവാറ്റുപുഴ യൂണിറ്റിലെ ചുവടെപ്പറയുന്ന 11 തസ്തികകൾക്ക് 14-08-2025 മുതൽ ഒരു വർഷത്തേക്ക് തുടർച്ചാനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ തഹസിൽദാർ | 1 |

| | | |
|---|---|---|
| 2 | റവന്യൂ ഇൻസ്പെക്ടർ | 4 |
| 3 | ക്ലാർക്ക് | 4 |
| 4 | സർവ്വേയർ | 2 |
| | **ആകെ** | **11** |

4. എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ഇനത്തിലെ കുടിശ്ശിക അടിയന്തരമായി ഒടുക്കുവരുത്തുന്നതിന് അർത്ഥനാധികാരിക്ക് നിർദ്ദേശം നൽകുന്നതിനാവശ്യമായ നടപടി ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിക്കേണ്ടതാണ്.
5. സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) റെയിൽവേ, മൂവാറ്റുപുഴ യൂണിറ്റിന്റെ പ്രവർത്തനം തുടരേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വിശദമായ പരിശോധന നടത്തി അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. ജില്ലാ കളക്ടർ, എറണാകുളം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
4. പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നം..............................)
5. ധനകാര്യ വകുപ്പ് (EXP-A1/113/2017-FIN dated 28-07-2026)
6. വിവരപൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്.
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (REV-B3/37/2026-REV)

ഉത്തരവിൻ പ്രകാരം
Digitally signed by
Sandhya S
Date: 14-08-2026
17:11:08
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.